DESPATCHED
On..24/5/22...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1880(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15953/SIC-G4/2021)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 19

ശ്രീ. ചന്ദ്രബാബു സി.പി.,
ഹർജിക്കാരൻ
(ചിറ്റേക്കാട്ട്)
ജനപ്രിയ വിലാസം,
ശാന്തിഗിരി പി.ഒ.,
തിരുവനന്തപുരം – 695 589. } അപ്പീൽ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
പോത്തൻകോട് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട്,
അസി. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെടുമങ്ങാട്, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 10/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 18/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. , എ.എ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ചന്ദ്രബാബു സി.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമം പ്രകാരം

സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും കൃത്യവും, വ്യക്തവും പൂർണ്ണമല്ലാത്തതുമായ മറുപടികളാണ് നൽകിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ടു ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തവും, പൂർണ്ണവുമായ മറുപടികളും രേഖകളുടെ കോപ്പികളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 10.09.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

1) ശാന്തിഗിരി ആശ്രമത്തിലെ ഗുരുരത്ന സ്വാമിക്കെതിരെ 18.6.2016-ന് കേരള സംസ്ഥാന ഡി.ജി.പി.ക്ക് നൽകിയ പരാതിയായ കെ4-101063/2016 എന്നത് പോത്തൻകോട് പോലീസ് സ്റ്റേഷനിൽ അന്വേഷണത്തിന് വന്നിരുന്നോ എന്നും വന്നത് എന്നാണെന്നും
2) ടി പോലീസ് സ്റ്റേഷനിൽ അന്വേഷണത്തിനു വന്ന പരാതി വ്യക്തമായി വായിച്ചു മനസ്സിലാക്കിയിരുന്നോ എന്നും ടി പരാതി സിവിൽ സ്വഭാവത്തിലുള്ളതായിരുന്നോ എന്നും അതോ ക്രിമിനൽ സ്വഭാവത്തിലുള്ളതായിരുന്നോ എന്നും
3) കെ4-101063/2016 എന്ന പരാതിയിൽ ടിയാന്റെ ജീവൻ ശാന്തിഗിരി ആശ്രമത്തിലെ ഗുരുരത്ന സ്വാമിയുടെ ഗുണ്ടകളാൽ കൊല്ലപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന് സൂചിപ്പിച്ചിരുന്നോ, അന്നത്തെ സെക്യൂരിറ്റി മാനേജർ ആയിരുന്ന എന്നെക്കൊണ്ട് ജോലിയുടെ ഭാഗമായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുവാൻ ശ്രമിക്കുന്നു എന്ന് സൂചിപ്പിച്ചിരുന്നോ എന്നും ടി പരാതി അന്വേഷണത്തിന് വന്നപ്പോൾ ഉണ്ടായിരുന്ന എസ്.എച്ച്.ഒ.യുടെ പേര് എന്താണെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 08.10.2021 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിക്കെതിരെ ഹർജിക്കാരൻ അപ്പീൽ അധികാരിയായ ആറ്റിങ്ങൽ ഡി.വൈ.എസ്.പി. മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി കൃത്യമല്ലാത്തതും, വ്യക്തമല്ലാത്തതും, തെറ്റായതുമായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ അപേക്ഷയ്ക്ക് കൃത്യവും വ്യക്തവുമായ മറുപടി കിട്ടുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ 28.10.2021 തീയതി നെടുമങ്ങാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന് കൈമാറിയിട്ടുള്ളതായും ആയതിന് 19.11.2021 തീയതി നെടുമങ്ങാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് കമ്മീഷൻ മുമ്പാകെ 24.2.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ചന്ദ്രബാബു എന്നയാളുടെ അപ്പീൽ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഹാജരാക്കുവാൻ 11.2.2022-ന് കത്തു മുഖാന്തിരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പോത്തൻകോട് പോലീസ് സ്റ്റേഷന് നിർദ്ദേശം നൽകിയിരുന്നതും ആയതിൻപ്രകാരം ലഭിച്ച No.07/RI/PTCD/2022 dated 21.2.2022 നമ്പർ മറുപടിയിൽ 1-ാം ഇനത്തിൽ ശാന്തിഗിരി ആശ്രമത്തിലെ ഗുരു രത്ന സ്വാമിക്കെതിരെ 18.6.2016-ന് കേരള സംസ്ഥാന ഡി.ജി.പി.ക്ക് നൽകിയ പരാതിയായ കെ4-101063/2016 എന്നത് പോത്തൻകോട് പോലീസ് സ്റ്റേഷനിൽ അന്വേഷണത്തിനായി 3.07.2016-ന് വന്നിട്ടുള്ളതാണെന്നും 2-ാം ഇനത്തിന് ടി പരാതി അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ സിവിൽ സ്വഭാവമുള്ള പരാതിയാണെന്ന് കണ്ടെത്തിയതിനാൽ ബഹു. കോടതി മുഖാന്തിരം പരിഹാരം കാണുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളതായി മറുപടിയിൽ നിന്നും വെളിവായിട്ടുള്ളതാണെന്നും 3-ാം ഇനത്തിന് കെ4-101063/2016 എന്ന പരാതിയിൽ ഹർജിക്കാരന്റെ ജീവൻ ശാന്തിഗിരി ആശ്രമത്തിലെ ഗുരുരത്ന സ്വാമിയുടെ ഗുണ്ടകളാൽ കൊല്ലപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന് സൂചിപ്പിച്ചിരുന്നു എന്നും അന്നത്തെ സെക്യൂരിറ്റി മാനേജർ ആയിരുന്ന ഹർജിക്കാരനെ കൊണ്ട് ജോലിയുടെ ഭാഗമായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുവാൻ ശ്രമിക്കുന്നു എന്ന് പരാതിയിൽ സൂചിപ്പിച്ചിരുന്നു എന്ന് മറുപടിയിൽ വെളിവാകുന്നു എന്നും ടി പരാതിയിൽ അന്വേഷണം നടത്തിയ എസ്.എച്ച്.ഒ.യുടെ പേര് ശ്രീ.ജെ.സി. പ്രമോദ് കുമാറാണെന്നും, 4-ാം ഇനത്തിന് 2016 ഡിസംബർ 31 വരെ ഹർജിക്കാരനെതിരെ പോത്തൻകോട് പോലീസ് സ്റ്റേഷനിൽ പരാതികൾ ലഭിച്ചിട്ടില്ലെന്നും 5-ാം ഇനം സംബന്ധിച്ച് 2017 ജനുവരി 1 മുതൽ 2021 സെപ്റ്റംബർ 10 വരെ ശാന്തിഗിരി ആശ്രമവുമായി ബന്ധപ്പെട്ട് ഹർജിക്കാരനെതിരെ പരാതി നൽകിയിട്ടില്ലെന്നും 6-ാം ഇനം സംബന്ധിച്ച് പോത്തൻകോട് പോലീസ് സ്റ്റേഷനിൽ ഹർജിക്കാരനെതിരെയുള്ള പരാതികളിൽ 2 എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും 7-ാം ഇനത്തിന് ശാന്തിഗിരി ആശ്രമവുമായി ബന്ധപ്പെട്ട് അമൃത ജനനി എന്ന ആളുടെ മൊഴി രേഖപ്പെടുത്തിയിട്ടില്ലെന്ന് വെളിവായിട്ടുള്ളതാണെന്നും 8-ാം ഇനത്തിന് ശാന്തിഗിരി ആശ്രമവുമായി ബന്ധപ്പെട്ട് ഗുരുരത്ന സ്വാമിയുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും 9-ാം ഇനത്തിന് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി ശ്രീ. ഗുരുരത്നം ജ്ഞാന തമസ്വിക്കെതിരായി പോത്തൻകോട് പോലീസ് സ്റ്റേഷൻ ക്രൈം 617/2018 U/s 509 & 506 (i) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 10.9.2021–ലെ വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായതും അപൂർണ്ണവുമായ മറുപടിയാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ശ്യാം നൽകിയിരുന്നത് എന്ന് കാണുന്നു. വിവരാവകാശ നിയമപ്രകാരം തെറ്റായതും അപൂർണ്ണവുമായ മറുപടി നൽകുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ശ്യാമിനെതിരെ ടി വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്

6. കമ്മീഷൻ റിപ്പോർട്ട് തേടിയതിനെ തുടർന്ന് പൂർണ്ണമായ മറുപടി തയ്യാറാക്കി രണ്ടാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുത്തതായി കാണുന്നില്ല. ആയതിനാൽ കമ്മീഷനിൽ ഹാജരാക്കിയ 24.2.2022–ലെ റിപ്പോർട്ടിന്റെ പകർപ്പ് 25.5.2022–നകം രണ്ടാം എതിർകക്ഷി ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കണമെന്നും ആയതിന് തെളിവായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 19–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us